## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

4.12.2014ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1306

## മിഷൻ 676-കയർ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| **(എ)** കയർ വകുപ്പിനു കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; ഇവ ഓരോന്നിനും എന്തു തുക വീതം നീക്കിവച്ചിട്ടുണ്ട്; ബജറ്റ് വിഹിതത്തിന് പുറമേയാണോ ഇത്; വിശദാംശം ലഭ്യമാക്കുമോ; | **(എ)** കയർ വകുപ്പിനു കീഴിൽ മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) കയർ മേഖലയ്ക്ക് ആവശ്യമായ ച കിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണം പരിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതി. നാളികേര വികസന ബോർഡുമായി ചേർന്ന് തൊ ണ്ട് സംഭരിച്ച് ചകിരിയാക്കുന്ന പദ്ധതി. ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കൽ.<br><br>2) കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കുന്ന പദ്ധതി.<br><br>3) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശവിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുക.<br><br>4) കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുക. |

| | |
|---|---|
| | 5) കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകുന്ന പദ്ധതി.<br><br>6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലി. ന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി സ്ഥാപിക്കൽ.<br><br>പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക തുക നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| **(ബി)** എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ് ? | **(ബി)** ഏതാണ്ടെല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ എന്നിവ വികസിപ്പിക്കുന്ന നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>തൊണ്ടുസംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടുസംഭരണം പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.<br><br>ഫോംമാറ്റിംഗ്സ് ഇന്ത്യ ലി.-ന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറിയുടെ നിർമ്മാണപ്രവർത്തനം അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ